6636
11/6/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-കാഴ്ച വൈകല്യമുള്ളവർക്ക് mobility white cane നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.345 /2015/സാ.നീ.വ തിരുവനന്തപുരം, തീയതി 8.6.2015

പരാമർശം- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H2-12296/15(1) നമ്പർ കത്ത്.

2. 16.5.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

ഉത്തരവ്

80% ന മുകളിൽ കാഴ്ച വൈകല്യമുള്ള ആളിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ mobility white cane ലഭ്യമാക്കുന്നതിന് നടപ്പ സാമ്പത്തിക വർഷം 2000 പേർക്ക് 150/- രൂപ ക്രമത്തിൽ 3,00,000/- രൂപ(മൂന്ന് ലക്ഷം രൂപ മാത്രം)നടപ്പ സാമ്പത്തിക വർഷത്തെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സാമൂഹ്യസംരംഭങ്ങൾ എന്നതിൽ ഉൾപ്പെടുത്തി 2235-60-200-83 (P) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണെന്ന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകി.

സാമൂഹ്യ സുരക്ഷാമിഷൻ, സാമൂഹ്യനീതി ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവർ സംയുക്തമായി സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായി ഗുണഭോക്താക്കളുടെ ആവശ്യം അനുസരിച്ചും പ്രോജക്ട് കോസ്റ്റിനുള്ളിൽ നിന്നു കൊണ്ട് പ്രൊജക്ട് നടപ്പിലാക്കണമെന്ന വ്യവസ്ഥയിൽ 80% ന മുകളിൽ കാഴ്ച വൈകല്യമുള്ളവർക്ക് mobility white cane ലഭ്യമാക്കുന്നതിന് 3,00,000/- രൂപ(മൂന്ന് ലക്ഷം രൂപ മാത്രം)നടപ്പ സാമ്പത്തിക വർഷത്തെ 2235-60-200-83 (P) എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ